Mr. Speaker : Mr. Shibu Baby John, I really appreciate it. It was a heroic act, but it was a criminal offence.

VI ധനകാര്യം

2003-2004 വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടേയും 1989-90 മുതൽ 1992-93 വരെയും 1995-96, 1997-98 മുതൽ 1999-2000 വരേയും സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടേയും സ്റ്റേറ്റ്മെന്റുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2003-2004 സാമ്പത്തിക വർഷത്തെ ഉപധനാ ർത്ഥനകളുടേയും 1989-90, 1990-91, 1991-92, 1992-93, 1995-96, 1997-98, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകളുടേയും സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ആവശ്യം

(2003 ജൂലൈ മാസം 11-ാം തീയതി ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ചതും ചർച്ച പൂർത്തീകരിക്കാത്തതുമായ പ്രമേയം)

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

ശ്രീ. പി. ജയരാജൻ : സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖല ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് അധികാരത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റ് വൻകിട വ്യവസായങ്ങളിലേക്കാണ് ശ്രദ്ധ തിരിച്ചിട്ടുള്ളത്. ജിം പോലുള്ള സംരംഭങ്ങൾ നടത്തുക, അതിന് വലിയ

LIBRARY ARCHIVES Kerala Legislative Assembly

നിലയിലുള്ള പ്രചാരണം കൊടുക്കുക, അതേസമയം കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി ഈ ഗവൺമെന്റ് യാതൊന്നും ചെയ്യുന്നുമില്ല. ലോകത്താകെ മാറ്റം നടന്നുകൊണ്ടിരിക്കുകയാണ്, ആ വലിയ മാറ്റം നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലും മാറ്റം വേണമെന്നു പറഞ്ഞുകൊണ്ട് സംസ്ഥാനത്തിന്റെ എല്ലാ നല്ല വശങ്ങളും തകർത്തുകൊണ്ട് സ്വകാര്യവൽക്കരണത്തിനുള്ള മുറവിളിയാണ് ഈ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ഉദാരവൽക്കരണ നയം കേന്ദ്രം നടപ്പാക്കുമ്പോൾ അതേ നയങ്ങൾ തന്നെയാണ് ഈ സംസ്ഥാനത്തെ യു.ഡി.എഫ്. ഗവൺമെന്റും നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ലോകത്താകെയുള്ള മാറ്റത്തിന് പ്രതിലോമപരമായിട്ടുള്ള ചില വശങ്ങളുണ്ട്. ആ പ്രതിലോമപരമായിട്ടുള്ള വശങ്ങളാണ് ഇന്ന് കേരളത്തിലും കണ്ടു കൊണ്ടിരിക്കുന്നത്. ലോക വ്യാപകമായി ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ സിദ്ധികൾ സ്വായത്തമാക്കാൻ വേണ്ടി സമൂഹത്തിലെ ഒരു പറ്റം സമ്പന്നന്മാരാണ് പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്. അദ്ധ്വാനിക്കുന്നവരും തൊഴിലില്ലാത്തവരും ഇന്ന് കൂടുതൽ രൂക്ഷമായ പ്രതിസന്ധിയിലേയ്ക്കും വിഷമത്തിലേയ്ക്കും നയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ സങ്കുചിതമായ പ്രസ്ഥാനങ്ങൾ ലോകത്ത് ശക്തിപ്പെട്ടു വരികയാണ്. മതമൗലിക വാദികൾ, വർഗ്ഗീയ വാദികൾ, ഭീകര വാദികൾ മാത്രമല്ല, പുത്തൻ ഫാസിസ്റ്റുകൾപോലും ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ ലോകത്ത് പ്രത്യക്ഷപ്പെട്ടുവരികയാണ്. അത്തരം ശക്തികളാണ് ശക്തിപ്പെട്ടു കൊണ്ടിരിക്കുന്നത്. അപ്പോൾ ലോകത്താകെ മാറ്റം വന്നുകൊണ്ടിരിക്കുന്നു എന്നു പറയുമ്പോൾ ആ മാറ്റത്തിന് പ്രതിലോമപരമായിട്ടുള്ള വശമുണ്ട്. ആ പ്രതിലോമ പരമായിട്ടുള്ള വശത്തിന്റെ ഒന്നാം നമ്പർ ഉദാഹരണമാണ് കേരളം ഭരിക്കുന്ന യു.ഡി.എഫ്. ഈ സംസ്ഥാനത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത് എന്താണ് ? സങ്കുചിത പ്രസ്ഥാനങ്ങൾ, മതവർഗ്ഗീയ പ്രസ്ഥാനങ്ങൾ, മത ഭീകര പ്രസ്ഥാനങ്ങൾ കേരളത്തിൽ ശക്തിപ്പെട്ടു കൊണ്ടിരിക്കുകയാണ്. ആ മത ജാതി പിന്തിരിപ്പൻ ശക്തികളുടെ ഒരുകൂട്ടുകെട്ടാണ് ഈ സംസ്ഥാനം ഭരിച്ചു കൊണ്ടിരിക്കുന്നത്. അങ്ങനെ ഭരിച്ചുകൊണ്ടിരിക്കുന്ന യു.ഡി.എഫ്. ആണ് ലോകത്താകെ നടന്നുകൊണ്ടിരിക്കുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഈ കേരളത്തിലും മാറ്റം വേണമെന്നു പറയുന്നത്. ആ മാറ്റം ഏതടിസ്ഥാനത്തിലാണ്? സ്വകാര്യവൽക്കരണത്തിന്റെ ശക്തികൾക്ക്, അതുപോലെ പിന്തിരിപ്പൻ ശക്തികൾക്ക് അനുകൂലമായിട്ടുള്ള മാറ്റത്തിനുവേണ്ടിയാണ് ഇവർ വാദിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ എം.എൽ.എ.മാരായിട്ടുള്ള ആളുകൾക്ക് രണ്ട് സാമ്പത്തിക വിദഗ്ദ്ധന്മാരെക്കൊണ്ട് ഒരു പ്രഭാഷണം നടത്തുകയുണ്ടായി. ആ പ്രഭാഷണത്തിൽ എന്താണ് കണ്ടിട്ടുള്ളത്? ഞങ്ങൾ എം.എൽ.എ. മാർക്കെല്ലാം ഒരു നോട്ടുതന്നു, ആ നോട്ടുപോലും പ്രിന്റു ചെയ്തത് ആരാണ്? C.I.I. ആണ്. Chamber of Indian Industry -യുടെ ചെലവിലാണ്. സാമ്പത്തിക ശാസ്ത്രജ്ഞന്മാരെക്കൊണ്ട് ഈ മാറ്റത്തിന്റെ തത്വ ശാസ്ത്രം പഠിപ്പിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറാകുന്നത്. ആ സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമൂഹത്തിലുള്ള 15 ലക്ഷം വരുന്ന പരമ്പരാഗത- തൊഴിലാളികളെ ഓർക്കാൻ കഴിയുന്നില്ല. മറ്റു കാര്യങ്ങളെ സംബന്ധിച്ചെല്ലാം ഇവിടെ പറഞ്ഞിട്ടുണ്ട്. കൈത്തറി മേഖലയിൽ രണ്ടു ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്നു. ഈ ഗവൺമെന്റ് ആ മേഖലയിൽ യാതൊരു സഹായവും കൊടുക്കുന്നില്ല. വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങളുണ്ട്. ആ കൈത്തറി സഹകരണ സംഘങ്ങൾക്ക് ഒരു നയാപൈസയുടെപോലും ആനുകൂല്യം കൊടുക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് റിബേറ്റ് സമ്പ്രദായം കൊണ്ടുവന്നിട്ടുള്ളത്.....

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, ഇതിൽ കൈത്തറിയെപ്പറ്റി അങ്ങ് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ വളരെ പ്രധാനപ്പെട്ട ഖാദി മേഖലയെ സംബന്ധിച്ച് ഇതിൽ പരാമർശിച്ചു കണ്ടില്ല. മറ്റൊന്ന് ആഗോളവൽക്കരണത്തിന്റെ ഭാഗമായിട്ടാണ് ബീഡിക്കെതിരായിട്ടുള്ള പ്രചാരണമൊക്കെ വന്നത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ വേറെ ഏതെങ്കിലും വിഭാഗത്തിന്റെ ഭാഗത്തുനിന്നോ അല്ല, പൊതുവെ കോടതികളാണ് ഇക്കാര്യം highlight ചെയ്തുകൊണ്ടുവന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജയരാജൻ: വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ശ്രീ. ടി. വി. ചന്ദ്രമോഹൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു, രണ്ടുമിനിട്ടാണ് അങ്ങയുടെ സമയം.

ശ്രീ. പി. ജയരാജൻ : ഞാൻ വരുന്നത് പരമ്പരാഗത വ്യവസായ മേഖലയിൽ നിന്നുമാണ്. കൈത്തറി മേഖലയ്ക്ക് യാതൊരു സഹായവും കൊടുക്കുന്നില്ല, അതിനെ തകർക്കുകയാണ്. ഇതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് ബീഡി വ്യവസായ മേഖല. ബീഡി വ്യവസായ മേഖലയിലും രണ്ടുലക്ഷം തൊഴിലാളികളുണ്ട്. ഇവിടെ ശ്രീ. ടി.വി. ചന്ദ്രമോഹൻ പറഞ്ഞതുപോലെ ഖാദി മേഖലയിലും പ്രശ്നമാണ്. ഖാദി മേഖലയിലെ തൊഴിലാളികൾ ഇന്ന് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ബീഡി വ്യവസായ മേഖലയിലെ രണ്ടുലക്ഷം തൊഴിലാളികൾക്ക് ഇന്ന് ജോലിയില്ല. ഇന്ന് സ്വകാര്യ ബീഡി ഉടമകൾ നിയമപരമായ ഒരാനുകൂല്യവും കൊടുക്കുന്നില്ല. സഹകരണ മേഖലയാണ് ഇതിൽ കുറച്ചെങ്കിലും ആശ്വാസമായിട്ടുള്ളത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ദിനേശ്ബീഡി സഹകരണ സംഘവും ഇന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. പുകവലിക്കെതിരായിട്ടുള്ള വ്യാപകമായ പ്രചാരണംമൂലം ബീഡിയുടെ ഉപഭോഗം കുറഞ്ഞിരിക്കുകയാണ്. അതിന്റെ ഫലമായി 40,000-ത്തോളം തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്ന ദിനേശ് ബീഡി എന്നു പറയുന്ന സഹകരണ സ്ഥാപനത്തിൽ ഇന്ന് 19,000 തൊഴിലാളികളായി കുറഞ്ഞിരിക്കുകയാണ്. മാത്രമല്ല, ഈ ബീഡിക്ക്.....

മി.. ഡെപ്യൂട്ടി സ്പീക്കർ : Please .....Please.....Please resume your seat. Please conclude.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: ബീഡിക്ക് എക്സൈസ് ഡ്യൂട്ടിയിൽ ഇളവുചെയ്തു കൊടുക്കണം. ബീഡി മേഖലയിൽ അല്പമെങ്കിലും ആശ്വാസം ലഭിക്കുന്ന ദിനേശ് ബീഡി വ്യവസായത്തെ സംരക്ഷിക്കാൻ വേണ്ടി യാതൊരു സഹായവും ഈ ഗവൺമെന്റ് ചെയ്യുന്നില്ല. അതുപോലെതന്നെ ഈ ബീഡി മേഖലയിൽ വരുന്ന ലക്ഷക്കണക്കിന്തൊഴിലാളികൾക്ക് ജോലിയില്ലാതാകുന്ന അവസരത്തിൽ ആ തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകണം. തൊഴിലില്ലാതായ ബീഡി തൊഴിലാളികൾക്ക് .....

മി. ഡെപ്യൂട്ടി സ്പീക്കർ : Please resume your seat. Please conclude.

ശ്രീ. പി. ജയരാജൻ : പാവങ്ങളിൽ പാവങ്ങളായിട്ടുള്ള ബീഡി, കശുവണ്ടി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുപകരം ഗവൺമെന്റ് വൻകിട വ്യവസായികളുടെ പിന്നാലെ പോവുകയാണ്. അതുകൊണ്ട് എന്തെങ്കിലും കമ്മിഷൻ കിട്ടുമോ എന്നാണ് ആലോചിക്കുന്നത്. മാത്രമല്ല, വ്യാജരേഖകളുടെ പ്രളയമാണ്. ഇന്നിപ്പോൾ കേസ് കോടതിയിലെത്തിയിരിക്കുകയാണ്. ഭരണകക്ഷിയുടെ ഭാഗമായിട്ടുള്ള 5 എം.എൽ.എ.മാരെ പുറത്താക്കിക്കൊണ്ടുള്ള ഒരു വ്യാജ രേഖ ഒപ്പിട്ടുകൊണ്ട് മുഖ്യമന്ത്രിയുടെയും സ്പീക്കറുടെയും ഓഫീസിൽ എത്തിയിരിക്കുന്നു എന്നുള്ള കേസ് ഇപ്പോൾ വന്നിരിക്കുകയാണ്. അതുസംബന്ധിച്ച് ശ്രീ. ഉമ്മൻ ചാണ്ടിക്കും മുഖ്യമന്ത്രിക്കും നോട്ടീസ് വന്നിരിക്കുകയാണ്. .....(ബഹളം)....അത് അന്വേഷിക്കണ്ടേ ?

മി. ഡെപ്യൂട്ടി സ്പീക്കർ : Please resume your seat. Please conclude.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അതിൽ ശ്രീ.അഹമ്മദ് പട്ടേലിന്റെ ഒപ്പ് ശ്രീ. ഉമ്മൻ ചാണ്ടിയാണ് ഇട്ടതെന്ന് ഇന്നലെ ശ്രീ. കെ. മുരളീധരൻ പറഞ്ഞു. ...(ബഹളം)..... പരമ്പരാഗത വ്യവസായങ്ങളെപ്പറ്റി നോക്കാനൊന്നും ഇവർക്കു സമയമില്ല, ഇതുപോലുള്ള കാര്യങ്ങൾക്കാണ് സമയം.

ശ്രീ. പി. ജയരാജൻ : പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിച്ചുകൊണ്ട് അതിൽ പണിയെടുക്കുന്ന 15 ലക്ഷം വരുന്ന തൊഴിലാളികളെ, അവരെ ആശ്രയിച്ചു കഴിയുന്ന 40 ലക്ഷം വരുന്ന കുടുംബങ്ങളെ.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ജയരാജൻ, അങ്ങ് സാധാരണ നല്ല രീതിയിൽ പറയുന്ന ആളാണ്, ഈ സഭയുടെ മുമ്പിലുള്ള പ്രമേയത്തെപ്പറ്റി പറഞ്ഞാൽ മതി, മറ്റുള്ളതൊക്കെ പൊതുയോഗങ്ങളിൽ പ്രസംഗിക്കാമല്ലോ..... (ബഹളം).....

ശ്രീ. പി. ജയരാജൻ : അവരെ സംരക്ഷിക്കുന്നതിനു പകരം..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : Please resume your seat. Please conclude.

ശ്രീ. എം.വി. ജയരാജൻ: സർ, അങ്ങിവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടിയും മുഖ്യമന്ത്രിയുമുൾപ്പെടെയുള്ളവർ പ്രതികളായി, ക്രിമിനൽ നടപടി ചട്ടം 199-ഉം 200-ഉം പ്രകാരം തിരുവനന്തപുരം

മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയലിൽ സ്വീകരിക്കുകയും അവർക്ക് നോട്ടീസ് അയയ്ക്കാൻ ഉത്തരവാകുകയും ചെയ്ത കാര്യമാണ് ഇവിടെ ഗൗരവമായ പ്രശ്നം. ആ കാര്യത്തിലുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത്, മുഖ്യമന്ത്രിക്ക് ആ സ്ഥാനത്തിരിക്കാൻ തന്നെ അർഹതയില്ലാത്ത വ്യാജ രേഖയാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?....(ബഹളം).....വ്യാജ രേഖയാണ് ഉണ്ടാക്കിയത്..... (ബഹളം)...

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ) : സർ, ശ്രീ. മാങ്കോട് രാധാകൃഷ്ണൻ നോട്ടീസ് നൽകിയ.....

മി. ഡെപ്യൂട്ടി സ്പീക്കർ : Please conclude.

ഞാനൊന്ന് പറഞ്ഞോട്ടെ, രണ്ടുമിനിട്ടാണ് അദ്ദേഹത്തിന് അനുവദിച്ചത്, അദ്ദേഹം എത്ര മിനിട്ട് എടുത്തു എന്നുള്ളത് നിങ്ങൾക്കൊക്കെ അറിയാം. അതുകൊണ്ട് ദയവായി നിർത്തണം.....(ബഹളം).....

ശ്രീ. പി. ജയരാജൻ : നമ്മുടെ സംസ്ഥാനത്തുള്ള കയർ, കശുവണ്ടി, കൈത്തറി, ബീഡി, ബാംബു, ഓട് തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളിൽ തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടി, തൊഴിൽ രഹിതരായിട്ടുള്ള അത്തരം ആളുകളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സത്വര നടപടികൾ കൈക്കൊള്ളണമെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം എം.ഹസ്സൻ) : സർ, ബഹുമാനപ്പെട്ട മാങ്കോട് രാധാകൃഷ്ണൻ നോട്ടീസു നൽകിയതും ശ്രീ ബിനോയ് വിശ്വം അവതരിപ്പിച്ചതുമായ പ്രമേയം പരമ്പരാഗത വ്യവസായങ്ങളെ കുറിച്ചുള്ള വളരെ ദീർഘമായ ഒരു പ്രമേയമാണ്. പരമ്പരാഗത വ്യവസായ രംഗത്തെ ലക്ഷക്കണക്കിനു തൊഴിലാളികളെ രക്ഷിക്കാൻ പുറത്തു സമരം ചെയ്യുന്നു എന്നു അവകാശപ്പെടുന്നവർ, അവർക്കുവേണ്ടി ഘോരഘോരം വാദിക്കുന്നു എന്നു പറയുന്നവർ, ഈ സുപ്രധാനമായ പ്രമേയത്തിൽ രണ്ടു മിനിട്ടു പ്രസംഗിക്കാൻ കിട്ടിയപ്പോൾ വ്യാജ രേഖയെക്കുറിച്ചാണ് പറയുന്നത്. 45 ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ കാര്യമൊന്നും പറഞ്ഞില്ല. ഇതാണ് അവർക്കു താല്പര്യം. ഇന്നു പ്രമേയത്തിനെക്കുറിച്ച് ആകെ സംസാരിച്ചത് സി. പി. എം. ന്റെ പ്രതിനിധിയാണ്. അദ്ദേഹം സംസാരിച്ചതുമുഴുവൻ വ്യാജരേഖയെക്കുറിച്ചുമാണ്. പരമ്പരാഗത വ്യവസായത്തൊഴിലാളികളെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ഇതൊരു പ്രചാരണ ആയുധമാക്കുക എന്നുള്ളതല്ലാതെ പരമ്പരാഗത വ്യവസായത്തൊഴിലാളികളെ രക്ഷിക്കുക എന്നുള്ളത് ഈ കൂട്ടർക്കും താല്പര്യമുള്ള കാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട ഹസ്സൻ, പരമ്പരാഗത വ്യവസായത്തൊഴിലാളികളെ സംബന്ധിച്ച് പറഞ്ഞതൊന്നും ചെവിയിൽ കയറിയില്ലെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ ചെവിയിൽ ആകെ കയറിയത് വ്യാജരേഖയെക്കുറിച്ചുള്ള കാര്യങ്ങൾ മാത്രമാണ്. അദ്ദേഹത്തിനുകൂടി പങ്കുള്ള രേഖയാണത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : രണ്ടുമിനിട്ടു കിട്ടിയാൽ ആ രണ്ടുമിനിട്ടുകൊണ്ട് അവരുടെ കാര്യങ്ങൾ പറയുന്നതിനു പകരം ഇവിടെ വ്യാജരേഖയെക്കുറിച്ചാണ് നിങ്ങൾ പറഞ്ഞത്. വ്യാജരേഖയല്ല, എന്തു രേഖയെക്കുറിച്ചു പറഞ്ഞാലും ഞങ്ങൾക്ക് അതിനെല്ലാം മറുപടി പറയുന്നതിന് ഒരു മടിയുമില്ല. നിങ്ങൾക്കു പറയാൻ പരമ്പരാഗത വ്യവസായത്തൊഴിലാളികളേയുള്ളൂ. ഞാനാണെങ്കിൽ ഈ പ്രമേയത്തെ സംബന്ധിച്ച മുഴുവൻ കാര്യങ്ങൾക്കും മറുപടി പറയാൻ ബാദ്ധ്യസ്ഥനുമാണ്. കാരണം ശ്രീ. ബിനോയ് വിശ്വം ഇതു മുഴുവൻ ഇവിടെ പറഞ്ഞതുമാണ്. സി. പി. ഐ. ക്കാർ അവതരിപ്പിച്ച ഒരു പ്രമേയം ആയതുകൊണ്ടാണോ നിങ്ങൾ ഇങ്ങനെയൊരു നിലപാട് എടുത്തത് എന്നു ഞങ്ങൾക്കറിയില്ല. ഈ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ തൊഴിലാളികളെ സംബന്ധിച്ച് ഈ ഗവൺമെന്റിന് പ്രത്യേകമായ താല്പര്യമുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ ഇന്നു പ്രതിസന്ധിയിലാണ്. ഇതിനു പല കാരണങ്ങളുമുണ്ട്. ആഗോളവൽക്കരണം, കേന്ദ്ര സർക്കാർ അനുവർത്തിച്ചു വരുന്ന കയറ്റിറക്കുമതി നയത്തിന്റെ വൈകല്യം ഇതെല്ലാം ഈ പ്രതിസന്ധി രൂക്ഷമാക്കുന്നതിനു പ്രധാന കാരണങ്ങളായിട്ടുണ്ട്. യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ലക്ഷക്കണക്കിനു വരുന്ന ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ പരമ്പരാഗത വ്യവസായ മേഖല ഒരു പ്രതീക്ഷയ്ക്കും വകയില്ലാതെ തകർച്ചയെ നേരിടുന്ന ഒരു സാഹചര്യമായിരുന്നു. സാമ്പത്തികമായി വളരെയധികം പരിമിതികൾ ഉണ്ടായിരുന്നിട്ടുപോലും പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള കഠിനമായ ശ്രമങ്ങൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. കയർ സഹകരണസംഘങ്ങളെ കുറിച്ചു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ സ്ഥിതിക്ക് സഹകരണ സംഘങ്ങളെ ബാധിക്കുന്ന കാര്യങ്ങളിലേയ്ക്കു ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. കയർ മേഖലയിൽ നാലു ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കയറുല്പന്നങ്ങളുടെ കയറ്റുമതി നടക്കുന്നുണ്ടെങ്കിലും അസംസ്കൃത വസ്തുക്കളായ തൊണ്ട്, ചകിരി ഇവയുടെ ദൗർലഭ്യം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. വിപണിക്കാവശ്യമായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഭാവം, കൃത്രിമ നാരുകളും മറ്റു സ്വാഭാവിക നാരുകളും ഉയർത്തുന്ന വെല്ലുവിളി എന്നിവ ഈ പ്രതിസന്ധിക്ക് ഒരു കാരണമാണ്. കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കെട്ടിക്കിടക്കുന്ന ഉല്പന്നങ്ങൾ വേണ്ടത്ര വാങ്ങി ചെറുകിട കയർ ഉല്പാദകരേയും കയർ സഹകരണ സംഘങ്ങളേയും സഹായിക്കാനുള്ള ഒരു ഡിസ്ട്രസ്സ് പർചേസ് സ്കീം ഈ സർക്കാർ ആവിഷ്ക്കരിച്ചു കഴിഞ്ഞു. ഏകദേശം നാലു കോടി രൂപയുടെ കയറുല്പന്നങ്ങളാണ് കെട്ടിക്കിടക്കുന്നത്. ഈ കയറുല്പന്നങ്ങൾ വാങ്ങി ചെറുകിട ഉൽപ്പാദകരെ സഹായിക്കാനുള്ള തീവ്രയത്ന പരിപാടികളുടെ ഭാഗമായി 8 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ സമയോജിതമായ ഇടപെടൽ മൂലം ചെറുകിട ഉൽപ്പാദകർക്കും സഹകരണ സംഘങ്ങൾക്കും ഉല്പന്നങ്ങൾ മെച്ചമായ വിലയ്ക്ക് വിറ്റഴിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ 22 കയർ സഹകരണ സംഘങ്ങൾ ഉൾപ്പെടെ 161 കയർ ഉല്പാദക സംഘങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്. ഡിസ്ട്രസ്സ് പർചേസ് കമ്മിറ്റി കയർ മേഖലയിലെ ഈ ആശ്വാസ നടപടികൾ അപ്പപ്പോൾ വിലയിരുത്തി സത്വര

നടപടികൾ സ്വീകരിച്ചു വരികയാണ്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുവാൻ കൂടുതൽ ഡീ ഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും വൈവിദ്ധ്യമാർന്നതും കൂടുതൽ ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങൾ നിർമ്മിക്കുവാനും കംപ്യൂട്ടർ എയിഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും നടപടികൾ എടുത്തു വരുന്നുണ്ട്. കയർഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്കും ചില നിബന്ധനകൾക്കു വിധേയമായി പ്രൈമറി കയർ സഹകരണ സംഘങ്ങൾക്കും മാറ്റ്സ് ആന്റ് മാറ്റിംഗ് സൊസൈറ്റികൾക്കും മുൻ വർഷങ്ങളിലെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം നിരക്കിൽ എം. ഡി. എ. നൽകുന്ന കാര്യം ബഹുമാനപ്പെട്ട കയർ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി രാവിലെ സഭയിൽ പറഞ്ഞു. C.Dot മുഖാന്തിരം ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ ശ്രമം നടന്നു വരുന്നു. കയർ ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാനും കയർ സഹകരണ സംഘങ്ങൾക്കും കയർ തൊഴിലാളികൾക്കും സംരക്ഷണം നൽകാനും മിനിമം എക്സ്പോർട്ട് പ്രൈസ്, പർചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം തുടങ്ങിയ പദ്ധതികൾ പുനരാരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള കയർ ബോർഡ് ഉൾപ്പെടെയുള്ള മിക്ക ബോർഡുകളും, കമ്മോഡിറ്റി ബോർഡ്സ് എല്ലാം തന്നെ, കോമേഴ്സ് മിനിസ്ട്രിയുടെ കീഴിലായിരുന്നു. ഈ ഗവൺമെന്റിന്റെ കാലത്തു അതിനു മാറ്റം വന്നു. ഇപ്പോൾ അത് ടെക്സ്റ്റൈൽ ആന്റ് അഗ്രിക്കൾച്ചറൽ മിനിസ്ട്രിയുടെ കീഴിലാണ്. കമ്മോഡിറ്റി ബോർഡ് എന്നുള്ള നിലയ്ക്ക് ഇതു കോമേഴ്സ് മിനിസ്ട്രിയുടെ കീഴിൽ കൊണ്ടു വരേണ്ടത് ആവശ്യമാണ്. പല കാര്യങ്ങളും കേന്ദ്ര ഗവൺമെന്റിലൂടെ നേടിയെടുക്കുന്നതിന് ഇതാവശ്യമാണ്. കയർ തൊഴിലാളികളുടെ ഈ പ്രശ്നങ്ങളെക്കുറിച്ച് ബോധമുള്ള നമ്മുടെ മന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ നേതൃത്വത്തിൽ നടന്ന കോൺഫറൻസിൽ തീരുമാനിച്ചിട്ടുള്ള കാര്യങ്ങൾ കയർ മേഖലയിലെ തൊഴിലാളി നേതാക്കന്മാർക്കൊക്കെ അറിയാവുന്നതുകൊണ്ട് ഞാൻ അതൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി കയർ മേഖലയിലെ പരിഷ്ക്കരണ നടപടികളെക്കുറിച്ചും തൊഴിലാളികളെ സംരക്ഷിക്കാനുള്ള നിലപാടുകളെക്കുറിച്ചുമൊക്കെ ഒരു വിശദീകരണം ഇവിടെ നടത്തുകയുണ്ടായി. കയർ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ സഭയുടെ മുമ്പാകെ കഴിഞ്ഞ ദിവസം ഒരു കാര്യം പറയുകയുണ്ടായി. കയർ മേഖലയിൽ ഇപ്പോൾ നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം ചകിരിയുടെ ലഭ്യതയില്ലായ്മയാണ്. മന്ത്രി ഇവിടെ വിശദീകരിക്കുന്ന സന്ദർഭത്തിൽ ഈ സഭയുടെ മുമ്പാകെ പറഞ്ഞു, കയർ ഉല്പന്നങ്ങൾ വലിയ തോതിൽ ഇവിടെ കെട്ടിക്കിടക്കുന്നില്ല എന്ന്. നാളികേരം ധാരാളമുള്ള നാട്ടിൽ നിന്നും വരുന്ന ആളുകളാണ് ഞങ്ങൾ. കേരളത്തിൽ ഏറ്റവും കൂടുതൽ നാളികേരം ലഭിക്കുന്ന കുറ്റ്യാടി, പേരാമ്പ്ര മേഖലകളിൽ നിന്നും വരുന്നവരാണ് ഞങ്ങൾ അധികവും. നാളികേരവുമായി ബന്ധപ്പെട്ട് ഒരുപാട് അനുഭവങ്ങൾ പറയാനുണ്ട്. പച്ചത്തൊണ്ട് ഓരോ പറമ്പിലും കിടന്നു നശിച്ചുകൊണ്ടിരിക്കുകയാണ്. അതു സംഭരിക്കാനാവശ്യമായ നടപടികൾ ഇല്ല. ഇവിടെ മന്ത്രി പറഞ്ഞത് സഹകരണ സംഘങ്ങൾ സംഭരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കുന്നില്ല എന്നാണ്. സംഭരണത്തിനുള്ള മുഖ്യ ചുമതല

LIBRARY ARCHIVES Kerala Legislative Assembly

വഹിക്കുന്നതിനു, തൊണ്ട് സംഭരണത്തിന് തടസ്സമായി നിൽക്കുന്നത് സഹകരണ സംഘങ്ങളുടെ കൈവശം പണമില്ല എന്നുള്ളതു തന്നെയാണ്. അതുകൊണ്ട് തൊണ്ട് സംഭരിക്കാൻ ആവശ്യമായിട്ടുള്ള ഫണ്ട് നൽകി കയർ മേഖലയിലെ ലക്ഷക്കണക്കിനു വരുന്ന തൊഴിലാളികളെ സംരക്ഷിക്കാനും നമ്മുടെ സംസ്ഥാനത്തു ലഭ്യമായ പച്ചത്തൊണ്ട് ശേഖരിച്ച് എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് മുൻകൈ എടുക്കേണ്ടതല്ലേ?

ശ്രീ. എം. എം. ഹസ്സൻ : ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനു പല നടപടികളും സ്വീകരിക്കുന്നുണ്ട്. ശ്രീമതി ഗൗരിയമ്മ തന്നെ നേരത്തെ പറഞ്ഞു, തൊണ്ടിന്റെ ലഭ്യതക്കുറവിനു പല കാരണങ്ങളും ഉണ്ട്. പലരും കള്ളക്കടത്തു നടത്തി അന്യ സംസ്ഥാനങ്ങളിൽ കൊണ്ടു പോയി ഡീ ഫൈബറിംഗ് നടത്തുന്നതായി ആരോപണങ്ങളുണ്ട്. നമ്മുടെ കണക്കനുസരിച്ച് 5496 ദശലക്ഷം നാളികേരം നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. അതിൽ 40 ശതമാനത്തിന്റെ തൊണ്ടു മാത്രമാണ് ഇവിടെ നമ്മൾ ഉപയോഗിക്കുന്നത്. 60 ശതമാനം അന്യസംസ്ഥാനങ്ങളിലേയ്ക്കു പോകുകയാണ്. അതു ഇന്നും ഇന്നലേയുമൊന്നും ആരംഭിച്ചതല്ല എന്നു പ്രതിപക്ഷനേതാവിനറിയാം. എത്രയോ കാലമായി. കയർ വ്യവസായ രംഗത്തു നിലനിൽക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് തൊണ്ടിന്റെ ലഭ്യതക്കുറവ്, അല്ലെങ്കിൽ തന്നെ ഫൈബർ ഉണ്ടാക്കുന്നതിനുള്ള കൂലി ക്കൂടുതൽ പല പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനു സ്വകാര്യ മേഖലയിലും ഡീ ഫൈബറിംഗ് യൂണിറ്റുകൾ കൊച്ചി, തിരുവിതാംകൂർ മേഖലയിൽ കൊടുക്കുന്നതിനു ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: ചകിരിയുടെ ക്ഷാമം പോലെ കയർ മേഖലയിൽ ഏറ്റവും വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. പർചേസ് പ്രൈസിന്റെ എൻഫോഴ്സുമെന്റ് നിർത്തലാക്കിയതും എം. ഇ. പി. നിർത്തലാക്കിയതും നിലവിലുണ്ടായിരുന്ന കാര്യങ്ങൾ അടക്കം, നമ്മുടെ സംസ്ഥാനത്ത് കയറിന്റെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് കയർ ബോർഡാണ്. ആ കയർ ബോർഡ് തന്നെ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്തിരിക്കുന്നതാണ് തൊഴിലാളികളെ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിച്ചിരിക്കുന്നത്. നമ്മുടെ ഗവൺമെന്റ് പല പ്രാവശ്യം കേന്ദ്രത്തിൽ നിവേദനം സമർപ്പിച്ചു. പക്ഷേ കേന്ദ്രം ആ നടപടികളിൽ നിന്നും പിന്നോട്ടു പോകുന്നില്ല. ഇതാണ് കയർ മേഖലയിൽ ഇന്ന് അനുഭവപ്പെടുന്ന കടുത്ത പ്രതിസന്ധിക്കു കാരണം. ഈ പ്രശ്നങ്ങൾ പ്രധാനമന്ത്രിയുടെയും കേന്ദ്ര മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഒരു സർവ്വ കക്ഷി നിവേദക സംഘത്തെയോ അല്ലെങ്കിൽ മുഖ്യമന്ത്രി തന്നെ ഡൽഹിയിൽ പോകുമ്പോൾ കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യംപെടുത്തി കൊണ്ട് എം. ഇ. പി. പുനഃസ്ഥാപിക്കാനും അതുപോലെ പർചേസ് പ്രൈസ് എൻഫോഴ്സുമെന്റ് ചെയ്യാനും വേണ്ടിയുള്ള നടപടികൾ എടുക്കാൻ കേരളാ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സംസ്ഥാന ഗവൺമെന്റ് ഇതിനകം തന്നെ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ മിനിമം പർചേസ് പ്രൈസ് എൻഫോഴ്സുമെന്റ് സ്കീം പുനരാരംഭിക്കുന്നതിനുള്ള ശക്തമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായിട്ടാണ് ഞാൻ നേരത്തേ പറഞ്ഞത്, കമ്മോഡിറ്റി ബോർഡിന്റെ പരിഗണനയിൽ വരുന്ന, അതിന്റെ കീഴിൽ വരുന്ന കയർ ബോർഡ് ഇപ്പോൾ അഗ്രിക്കൾച്ചർ ആന്റ് ടെക്സ്റ്റൈൽ മിനിസ്ട്രിയുടെ കീഴിലാണ്, അത് കോമേഴ്സ് മിനിസ്ട്രിയുടെ കീഴിൽ കൊണ്ടു വരേണ്ടതാണെന്ന്.

ശ്രീ. കെ.പി. രാജേന്ദ്രൻ : ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ സർവ്വകക്ഷി നിവേദക സംഘം നിവേദനം കൊടുക്കുകയോ അല്ലെങ്കിൽ മുഖ്യമന്ത്രിയും ശ്രീമതി കെ. ആർ. ഗൗരിയമ്മയും കേന്ദ്രത്തിൽ നിവേദനം കൊടുക്കുകയോ ചെയ്യണം. ഈ രണ്ടു വർഷത്തിനുള്ളിൽ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ ഇങ്ങനെ കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു നിവേദനത്തിന് അനുകൂലമായ ഒരു നടപടി സ്വീകരിച്ചതായി പറയുവാൻ നിങ്ങൾക്ക് സാധിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : പ്ലാന്റേഷന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിക്കുന്ന എല്ലാ കാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുമെന്ന് ആരും കരുതിയിട്ടില്ല. പ്ലാന്റേഷനെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ ഇവിടെ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ നിവേദനം കൊടുത്തു. അതുപോലെതന്നെ അടുത്ത കാലത്തായി വിദേശ മലയാളികളെ ബാധിക്കുന്ന വിസ ക്ളിയറൻസുപോലുള്ള കാര്യങ്ങൾ ഗവൺമെന്റ് താല്ക്കാലികമായി നിർത്തിവച്ചു.

ശ്രീ. തച്ചനാനൂർ രവി : ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ ഇവിടെ ഒരു ചോദ്യം ചോദിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ കേന്ദ്രത്തിൽ ഫാക്സ് അയയ്ക്കുകയും കത്തയയ്ക്കുകയും ചെയ്തതല്ലാതെ സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന ഒരു കാര്യവും സമയബന്ധിതമായി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. എം. എം. ഹസ്സൻ : ഞാൻ അതിന്റെ വാദപ്രതിവാദത്തിലോട്ടൊന്നും പോകുന്നില്ല. ശ്രീ. ഇ. കെ. നായനാർ അയച്ച ഫാക്സുകളെല്ലാം പുസ്തകമായി പ്രസിദ്ധീകരിച്ച രേഖ നമ്മുടെ കൈയ്യിലുണ്ട്. അത് പരിശോധിക്കാവുന്നതേയുള്ളു. അത് പുസ്തകമായി അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് കേന്ദ്രത്തിൽ പ്രധാനമന്ത്രിയോട് ശക്തമായി സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരന്തരമായി ബന്ധപ്പെട്ടും നേരിട്ടും നിവേദനം കൊടുത്തിട്ടുണ്ട്. ഇനിയും ഇത്തരത്തിൽ സമ്മർദ്ദം തുടരുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് കശുവണ്ടി മേഖലയിലുള്ള പ്രതിസന്ധിയെക്കുറിച്ച് പുറത്ത് നിങ്ങൾ എന്തെല്ലാം പറഞ്ഞാലും കശുവണ്ടിത്തൊഴിലാളികൾക്കെതിരായി, ഈ ഗവൺമെന്റിനെതിരായി നിങ്ങൾ നിരന്തരമായി സമരം നടത്തിയാലും സത്യം സത്യമായിത്തന്നെ അവശേഷിക്കും. അഞ്ചു കൊല്ലത്തെ എൽ.ഡി.എഫ് ഭരണത്തിന്റെ ഫലമായി കാഷ്യൂ കോർപ്പറേഷനുണ്ടായ നഷ്ടമെന്താണെന്ന് ഈ സ യിലിരിക്കുന്ന ശ്രീ. എ. എ അസീസുൾപ്പെടെയുള്ള അംഗങ്ങൾക്ക് അറിയാം. കഴിഞ്ഞ അഞ്ചു വർഷത്തെ എൽ.ഡി.എഫ്. രണത്തിനുശേഷം വന്ന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് സാംപത്തിക പ്രതിസന്ധിയിലായിരുന്നു. ആ ഗവൺമെന്റിന്റെ കാലത്തുള്ള 120 കോടി രൂപയുടെ ബാദ്ധ്യത ആര് ഏറ്റെടുക്കുമെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. അത് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കാത്തിടത്തോളം കാലം ബാങ്കുകൾ ഉൾപ്പെടെ ആരും ഒരു സഹായവും നൽകുകയില്ല. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ചകൾ നടത്തി. ഈ നഷ്ടമുണ്ടാക്കിയതിന് കാരണക്കാർ തൊഴിലാളികളാണോ ? തൊഴിലാളികൾക്ക് ഉത്തരവാദിത്വമില്ല ; പക്ഷെ തൊഴിലാളി നേതാക്കൻമാർക്ക് അതിന്റെ ഉത്തരവാദിത്വമുണ്ട്. ആ കോർപ്പറേഷൻ നടത്തിപ്പിലുണ്ടായിട്ടുള്ള ഭീമമായ നഷ്ടത്തെക്കുറിച്ച് ഒരുപാട് ആരോപണങ്ങളുണ്ട്. ആ ആരോപണങ്ങൾക്കു നേരെ നമ്മൾ കണ്ണടച്ച് കളയരുത്. പക്ഷെ ഈ ഗവൺമെന്റ് കാപ്പക്സിന്റെ പല ഫാക്ടറികളും തുറന്നു. ഇന്നലെ നടന്ന ചർച്ചയിൽ വ്യവസായ വകുപ്പുമന്ത്രി ഗവൺമെന്റിനു വേണ്ടി ഈ ബാദ്ധ്യത ഏറ്റെടുക്കുവാൻ തയ്യാറായി. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നടന്ന ക്രമക്കേടുകളെക്കുറിച്ച് ബോദ്ധ്യമില്ലാത്തതുകൊണ്ടല്ല മറിച്ച് 27,000 തൊഴിലാളികളുടെ ഭാവിയെക്കുറിച്ച് ഗവൺമെന്റിന് താല്പര്യമുള്ളതുകൊണ്ടാണ്. നിങ്ങൾ സമരം നടത്തുമ്പോൾ, നിങ്ങൾ രാഷ്ട്രീയ പ്രചരണം നടത്തുമ്പോൾ നിങ്ങൾ ഓർമ്മിക്കണം ആ 120 കോടി രൂപയുടെ ബാദ്ധ്യത ഈ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണെന്ന്.

ശ്രീ. കെ. പി. രാമകൃഷ്ണൻ : കശുവണ്ടിത്തൊഴിലാളികൾ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും, ഈ സഭയിൽത്തന്നെ അംഗമായിട്ടുള്ള ശ്രീ. എഴുകോൺ നാരായണൻ ഉൾപ്പെടെ സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തിയില്ലേ? അത് എന്തേ അങ്ങ് വിസ്മരിക്കുന്നു. ഇവിടെ പ്രതിപക്ഷം മാത്രമാണോ സമരം നടത്തുന്നത് ?

ശ്രീ. എം. എം. ഹസ്സൻ : ഇതൊരു പുതിയ പ്രതിഭാസമല്ല. നിങ്ങൾ അധികാരത്തിലിരിക്കുമ്പോൾ സമരം നടത്തുന്നത് പ്രതിപക്ഷം മാത്രമായിരിക്കും, നിങ്ങൾ സമരം നടത്തില്ല. എന്നാൽ യു.ഡി.എഫ് അധികാരത്തിൽ വരുമ്പോഴാണ് കക്ഷി വ്യത്യാസമില്ലാതെ സമരങ്ങൾ നടത്തുന്നത്. അത് കേരളത്തിന്റെ പ്രത്യേകതയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എടുത്ത നടപടികളുടെ ഫലമായിട്ടാണ് യഥാർത്ഥത്തിൽ ഈ സമരം നടത്തേണ്ടി വന്നത്. നിങ്ങൾ എൽ.ഡി.എഫ് ഗവൺമെന്റിന്റെ മുന്നിലാണ് സമരം നടത്തേണ്ടത് അല്ലാതെ ഈ ഗവൺമെന്റിന്റെ മുന്നിലല്ല. ഞാൻ അതിന്റെ തർക്കത്തിലേയ്ക്കില്ല. ഇവിടെ നിരന്തരമായി പറയുന്ന ഒരു കാര്യമാണ് ഈ ഗവൺമെന്റ് കയർ തൊഴിലാളികളെ ദ്രോഹിക്കുന്നു, കൈത്തറി തൊഴിലാളികളെ ദ്രോഹിക്കുന്നു, 45 ലക്ഷത്തോളം വരുന്ന പരംപരാഗത തൊഴിലാളികൾക്ക് എതിരാണെന്ന്. ഇതൊരു നുണ പ്രചാരണമാണെന്ന് പറയുവാൻ വേണ്ടി പറഞ്ഞതാണ്. കാരണം ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിക്കുമ്പോഴെങ്കിലും ഇതുപറയണ്ടേ? കഴിഞ്ഞ ഗവൺമെന്റ് വരുത്തിവച്ച 120 കോടി രൂപയുടെ കടം ഈ ഗവൺമെന്റ് ഏറ്റെടുത്തില്ലേ?

ശ്രീ. കെ. കെ. ഷാജു : കഴിഞ്ഞ ഗവൺമെന്റ് കശുവണ്ടി തൊഴിലാളികൾക്കു വേണ്ടി എത്ര കോടി രൂപയാണ് ഏറ്റെടുത്തതെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : പ്രചരണവും യാഥാർത്ഥ്യവും തമ്മിൽ പൊരുത്തമില്ല. നിരന്തരമായി ഇത് കേട്ടുകേട്ട് മടുത്തതുകൊണ്ട് പറയുകയാണ്; ക്ഷമിക്കണം. ഈ സംസ്ഥാനത്തെ മാർക്സിസ്റ്റ് പാർട്ടി നിയമസഭയ്ക്കകത്തും പുറത്തും പരംപരാഗത വ്യവസായത്തൊഴിലാളികളെ ഈ സർക്കാർ ദ്രോഹിക്കുന്നു എന്നുള്ള പ്രചരണം തുടരുന്നിടത്തോളം കാലം ഈ വസ്തുതകൾ നിരത്തിവയ്ക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. നമ്മുടെ സംസ്ഥാനത്തെ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളിൽ 2001 ആഗസ്റ്റ് മാസം മുതൽ പ്രോസസിംഗ് ജോലി നിർത്തിവച്ചതു മൂലം പ്രസ്തുത മേഖലയിൽ പ്രതിസന്ധി നിലവിലുണ്ട്. കശുവണ്ടിപ്പരിപ്പിന്റെ വില ഏറ്റവും താഴുകയും കാപ്പക്സിന്റെ സംസ്ക്കരണ ചെലവ് കൂടുതലാകുകയും ചെയ്തതും അന്താരാഷ്ട്ര വിപണിയിൽ വിയറ്റ്നാം പോലുള്ള രാജ്യങ്ങളിൽ നിന്ന് കശുവണ്ടിപ്പരിപ്പ് ലഭ്യമായതും മറ്റും നിലവിലുള്ള പ്രതിസന്ധി രൂക്ഷമാകാൻ കാരണമായി. കഴിഞ്ഞ സാംപത്തിക വർഷം ഈ കോർപ്പറേഷന് 1200 ലക്ഷം രൂപ അനുവദിച്ചു. ഇതുകൂടാതെ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ കൺസോർഷ്യവും, ബാങ്കുകളുമായി ചർച്ചയും നടത്തി. കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകുവാനുള്ള 110 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചു കഴിഞ്ഞു. മാത്രവുമല്ല ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി 70 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി 2003 വർഷത്തേയ്ക്കു കൂടി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിപണിയിൽ കശുവണ്ടി പരിപ്പിന്റെ വിലയിടിഞ്ഞതു മൂലം 2000 ആഗസ്റ്റിൽ പ്രവർത്തനം നിർത്തിവച്ച കാപ്പക്സ് കശുവണ്ടി വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും മൂന്നു കോടി രൂപ ലഭ്യമാക്കി പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ കശുവണ്ടിത്തൊഴിലാളികൾക്ക് 45 ദിവസത്തെ ജോലിയായി. കൈത്തറി രംഗത്തുള്ള മാന്ദ്യം കുറച്ചുകൊണ്ടുവരുന്നതിന്, കൈത്തറി വ്യവസായത്തെ പുനരുദ്ധരിപ്പിക്കുന്നതിന്, വൈവിദ്ധ്യമാർന്ന മൂല്യവർദ്ധനവ് നടത്തി കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൈത്തറി മേഖലയെ 40 ക്ലസ്റ്ററുകളായി തിരിച്ച് ഇരുപത്തയ്യായിരത്തോളം തൊഴിലാളികൾക്ക് സഹായം ലഭിക്കുന്നതിനു വേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ സി.ഡി.എച്ച്.പി.വൈ നടപ്പാക്കുന്നു. കൂടാതെ ദേശീയ പിന്നോക്ക സമുദായ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ സഹായത്തോടുകൂടിയുള്ള മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയും, കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള മറ്റ് പരിപാടികളും നടപ്പിലാക്കി വരുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇവിടെ ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ രണ്ടുമൂന്ന് തവണ സബ്മിഷൻ അവതരിപ്പിച്ചതാണ്. കൈത്തറി-ഖാദി തുണി നമുക്ക് വിറ്റഴിക്കാൻ ഏറ്റവും എളുപ്പവും, ഏറ്റവും നല്ലതുമായ മാർഗ്ഗം സ്കൂൾ കുട്ടികളുടെ യൂണിഫോമുകളിൽ ഒരു ജോഡി കൈത്തറിയാക്കുക എന്നതാണ്. വളരെയേറെ തുണികൾ നമുക്ക് വിറ്റഴിക്കാൻ കഴിയും. അതുപോലെത്തന്നെ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ ഖാദി-കൈത്തറി തുണികൾ ഉപയോഗിക്കാൻ വേണ്ടി കർശനമായ നിർദ്ദേശം കൊടുത്താൽ, നമുക്ക് അതൊരു കാംപെയിനായിട്ട് എടുത്താൽ, ഒക്ടോബർ 2 ഗാന്ധിജയന്തി വാരത്തിൽ നമുക്ക് ഇതൊരു വിപുലമായ പദ്ധതിയായി കൊണ്ടു വന്നാൽ, വളരെയേറെ തുണികൾ വിറ്റഴിക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : നിർദ്ദേശം നല്ലതാണ്. ഇതുവരെ നമ്മൾ ചിന്തിച്ചിട്ടില്ലാത്ത ഒരു കാര്യമാണ്.

ശ്രീ. വർക്കല കഹാർ : ഖാദി കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനത്തിനു വേണ്ടി ശ്രീ. കെ.പി. രാജേന്ദ്രൻ ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മാവേലി സ്റ്റോറുകൾ വഴി മൾട്ടി നാഷണൽ കംപനിയായ ഹിന്ദുസ്ഥാൻ ലിവറിന്റെ സാധനങ്ങൾ വിൽക്കാൻ സർക്കാർ നടപടി സ്വീകരിച്ചതുപോലെ ഖാദിയുടേയും കൈത്തറിയുടേയും ഉൽപ്പന്നങ്ങൾ സർക്കാർ വക നീതി സ്റ്റോറുകൾ വഴി വിറ്റഴിക്കാൻ ഗവൺമെന്റ് നടപടി എടുക്കുമോ ?

ശ്രീ. കെ. സി. വേണുഗോപാൽ : ഖാദിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും വിപണനം വർദ്ധിപ്പിക്കുവാനും ഒരു മാർഗ്ഗം സ്ഥിരമായി ഖാദി ധരിക്കുക എന്നുള്ളതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൂടെക്കൂടെ ഖാദി ധരിക്കുന്നുണ്ട്. ശ്രീ. കെ.പി. രാജേന്ദ്രൻ സ്ഥിരമായി ഖാദി വസ്ത്രം ധരിക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. വി. ചന്ദ്രമോഹൻ : ഇക്കാര്യം പല തവണ അസംബ്ളിയിലും പുറത്തുമൊക്കെ നിയമസഭാംഗങ്ങളും പൊതുപ്രവർത്തകരും പറഞ്ഞിട്ടുള്ളതാണ്. ഖാദിയുടെ വിപണനത്തിന് പോലീസ് ഡിപ്പാർട്ടുമെന്റ് ഖാദി വസ്ത്രം യൂണിഫോമായി ഉപയോഗിക്കുന്നതു സംബന്ധിച്ച് തീരുമാനം എടുക്കുമോ ?

11 A.M.]

ശ്രീ. എം. എം. ഹസ്സൻ : കാക്കി മാറ്റി ഖാദിയാക്കുന്നത് നല്ലതാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഖാദി ധരിക്കുന്നത് എനിക്ക് വളരെ സന്തോഷമാണ്. പ്രശ്നം എന്താണെന്ന് അറിയാമോ? കോഴിക്കോടുവച്ച് യു.ഡി.എഫ്. മീറ്റിംഗ് നടക്കുന്ന സമയത്ത് റെയിൽവേ സ്റ്റേഷനിൽ എത്തിയ എന്നോട് മീറ്റിംഗ് കഴിഞ്ഞുവോയെന്ന് ഒരാൾ ചോദിക്കുകയുണ്ടായി. എന്നു വച്ചാൽ ഖദർ ഷർട്ടിട്ടാൽ അവരൊക്കെ കോൺഗ്രസ്സുകാരാണെന്നാണ് ധാരണ. അത് മാറ്റിയാൽ മാത്രമേ ഖാദിയുടെ പ്രചരണം വർദ്ധിക്കൂ. അത് മാറ്റാനുള്ള ഏർപ്പാട് നിങ്ങൾ ആദ്യം ചെയ്യണം. നിങ്ങൾ ഖാദിയെ നശിപ്പിച്ചുകളഞ്ഞു. അതാണ് പറ്റിയ അപകടം.

ശ്രീ. എം. എം. ഹസ്സൻ : ഖാദിക്ക് കുഴപ്പമുണ്ടായ കാരണത്തെക്കുറിച്ച് ഞാൻ അന്വേഷിച്ചിരിക്കുകയായിരുന്നു. ഇപ്പോഴാണ് മനസ്സിലായത്. ബഹുമാനപ്പെട്ട കോടിയേരി ഇടയ്ക്കിടയ്ക്ക് ഖാദി വസ്ത്രം ധരിക്കുന്നതുകൊണ്ടാണ് ഖാദിയുടെ ഡിമാന്റ് കുറഞ്ഞത്. ഞങ്ങളാണ് കുറ്റക്കാരെന്നാണ് ഇതുവരെ ഞാൻ വിചാരിച്ചത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞാൻ പറഞ്ഞത് സദുദ്ദേശത്തോടുകൂടിയാണ്. ഞങ്ങളൊക്കെ ഖാദി ധരിക്കുന്നവർ തന്നെയാണ്. എന്റെ നിയോജക മണ്ഡലത്തിൽ സ്കൂൾ വിദ്യാർത്ഥികളേയും പി.ടി.എയുമൊക്കെ വിളിച്ചുകൂട്ടി ചർച്ച നടത്തിയപ്പോൾ അനുകൂലമായ പ്രതികരണമാണ് ഉണ്ടായത്. അതുകൊണ്ടാണ് ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : ഇത് തീർച്ചയായും സ്വാഗതാർഹമായ കാര്യമാണ്. അതുകൊണ്ട് വിരോധമില്ല. ആലോചിക്കാം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ഇത് കേട്ടുകൊണ്ടിരിക്കുകയാണ്. എ.കെ.ജി., ഇ.എം.എസ്., ശ്രീ. ഇ.കെ. നായനാർ ഇവരൊക്കെ ഖാദി വസ്ത്രം ധരിച്ചിട്ടുള്ളവരാണ്. അവർക്കൊന്നും അന്ന് ഇങ്ങനെ തോന്നിയിട്ടില്ല. ബഹുമാനപ്പെട്ട കോടിയേരിക്ക് തോന്നിയത് കാലത്തിന്റേയും കോലത്തിന്റേയും വ്യത്യാസമെന്നല്ലാതെ എന്ത് പറയാനാണ്. ഖാദിക്ക് അതിന്റെ പവിത്രതയുണ്ട്.

ശ്രീ. എ. കെ. ബാലൻ : തമിഴ്നാട്ടിൽ ജയലളിതാ ഗവൺമെന്റ് 25 കോടി രൂപ സബ്സിഡി കൊടുത്തിട്ടാണ് കൈത്തറി സാധനങ്ങൾ വിറ്റഴിക്കുന്നത്. കേരളത്തിൽ ആവശ്യംപോലെ കൈത്തറി സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് കിട്ടുകയാണ്. നമ്മുടെ ഗവൺമെന്റ് പത്തു പൈസപോലും ഈയിനത്തിൽ കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് വരുന്ന ഉത്സവ കാലത്തിലെങ്കിലും സബ്സിഡി കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : ഞാനും ശ്രീ.എ.കെ. ബാലനും കഴിഞ്ഞ സഭയിൽ ഇല്ലായിരുന്നല്ലോ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ഇത്തരത്തിൽ ഒരു ചോദ്യം ചോദിച്ചത്. സബ്സിഡി കൊടുക്കാതെയായത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ പ്രതിഭാസമാണ്, ബഹുമാനപ്പെട്ട ബാലന് അത് മനസ്സിലായിട്ടില്ല. നമ്മൾ രണ്ടു പേരും കഴിഞ്ഞ സഭയിലില്ലായിരുന്നു. സബ്സിഡി കൊടുത്തതു സംബന്ധിച്ച് ബഹുമാനപ്പെട്ട രാജേന്ദ്രൻ ഇരുന്ന് ചിരിക്കുകയാണ്. വ്യാജ സംഘങ്ങളുടെ പേരു പറഞ്ഞ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് സബ്സിഡിയിൽ മാറ്റം വരുത്തിയത്. ഹാൻഡ്ലൂം തുണിത്തരങ്ങൾ കൂടുതൽ വിൽക്കണമെന്നുണ്ടെങ്കിൽ അതിന് റിബേറ്റ് കൊടുക്കണം. കാരണം പവർലൂമിൽ ഉണ്ടാക്കുന്ന തുണിത്തരങ്ങൾക്ക് ഇതിനേക്കാൾ വില കുറവാണ്.

ശ്രീ. തമ്പാനൂർ രവി : സർ, ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രനും ഖദർ തുണിത്തരങ്ങൾ കൂടുതൽ വ്യാപകമാക്കണം, കൈത്തറി വ്യാപകമാക്കണം, ഗവൺമെന്റ് തലത്തിലും സ്കൂൾ തലത്തിലുമൊക്കെ പരമാവധി യൂണിഫോം കൊണ്ടുവരാൻ ശ്രമിക്കണം എന്നൊക്കെ പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിമാരുടെ ഔദ്യോഗിക കാറിലും ഉദ്യോഗസ്ഥൻമാരുടെ കാറിലും ചുവന്ന നിറത്തിലുള്ള കർട്ടനായിരുന്നു. സേക്രട്ടേറിയറ്റിലെ കർട്ടനും കാർപ്പെറ്റുമൊക്കെ ചുവന്ന നിറത്തിലുള്ളതായിരുന്നു. അങ്ങനെ തീരുമാനമെടുക്കുമ്പോൾ ഒരേ നിറത്തിലുള്ള ഇത്തരം തുണിത്തരങ്ങൾ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. സി. കെ. നാണു : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൈത്തറിക്കും സബ്സിഡി ഉണ്ടായിരുന്നു. റിബേറ്റും കൊടുത്തിരുന്നു. അതില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ? റിബേറ്റിന്റെ അടിസ്ഥാനത്തിൽ കൈത്തറി ഇവിടെ വിറ്റിട്ടുണ്ട്. റിബേറ്റ് കൊടുത്തില്ലെന്ന് പറയുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. എ. കെ. ബാലൻ ചോദിച്ചത് റിബേറ്റിന്റേയും സബ്സിഡിയുടേയും കാര്യമാണ്. 1993 മുതലുള്ള റിബേറ്റ് കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. അത് വലിയ പ്രശ്നം തന്നെയാണ്. കഴിഞ്ഞ ഗവൺമെന്റാണ് റിബേറ്റ് നിർത്തിയത്. കൈത്തറി തുണിത്തരങ്ങൾ വിറ്റഴിക്കണമെന്നുണ്ടെങ്കിൽ റിബേറ്റ് കൊടുക്കണം. റിബേറ്റ് കൊടുക്കാത്തതിന് പല കാര്യങ്ങളുമുണ്ട്. ഒന്നാമത്തെ കാരണം വ്യാജ സംഘങ്ങൾ തന്നെയാണ്. സബ്സിഡിയുടെ കാര്യത്തിലുമുണ്ട്. നൂലിന് കേന്ദ്ര ഗവൺമെന്റ് സബ്സിഡി കൊടുക്കുന്നുണ്ട്. പക്ഷേ ആ നൂൽ എല്ലായിടത്തും ലഭ്യമല്ല. കണ്ണൂർ കഴിഞ്ഞാൽ ഏറ്റവും വലിയ കൈത്തറി മേഖലയാണ് ബാലരാമപുരം. അവിടെയുള്ള ആളുകൾക്ക് നൂൽ കുറഞ്ഞവിലയ്ക്ക് കിട്ടുന്നില്ല. കാരണം നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അല്ലെങ്കിൽ അതുപോലുള്ള സ്ഥലങ്ങളിൽനിന്നു മാത്രമേ നൂലിന് 9% സബ്സിഡി ലഭിക്കുന്നുള്ളൂ. പവർ ലൂമിന്റെ തുണിത്തരങ്ങൾക്ക് വില കുറവായതുകൊണ്ട് അതിനനുസരിച്ച് കൈത്തറിയേയും ഖാദിയേയും രക്ഷിക്കണം. ബഹുമാനപ്പെട്ട രാജേന്ദ്രന്റെ നിർദ്ദേശം സ്വീകാര്യമാണ്. തീർച്ചയായും ആലോചിക്കാം. അതോടൊപ്പം ഞങ്ങളൊക്കെ ഖദർ ഇടുന്നതുപോലെ നിങ്ങൾക്കൊക്കെ കൈത്തറി ഇടാം. നിങ്ങൾക്കു വേണമെങ്കിൽ കൈത്തറി തുണികൾ ഉപയോഗിക്കാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : അങ്ങ് വളരെ ആത്മാർത്ഥതയോടുകൂടിതന്നെ ഖാദി തൊഴിലാളികളെ സംബന്ധിച്ചും കൈത്തറി തൊഴിലാളികളെ സംബന്ധിച്ചും സംസാരിച്ചു. കുട്ടികളുടെ വസ്ത്രധാരണം അവിടെ നിൽക്കട്ടെ. ആശുപത്രികളിൽ ആവശ്യമായിട്ടുള്ള ബാൻഡേജ് പോലുള്ള തുണിത്തരങ്ങളുടെ കാര്യത്തിൽ തീരുമാനമെടുത്താൽ കൈത്തറി ഖാദി തൊഴിലാളികളെ ഏറ്റവും നല്ല രീതിയിൽ സഹായിക്കാൻ സാധിക്കും. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഉത്തരവിറക്കുമോ?

ശ്രീ. എം. എം. ഹസ്സൻ : സ്കൂൾ കുട്ടികളുടെ യൂണിഫോം, ആശുപത്രികൾ, സർക്കാർ ആഫീസുകൾ തുടങ്ങിയുള്ള മേഖലകളിൽ ഇത്തരത്തിലുള്ള തുണിത്തരങ്ങൾ ഉപയോഗിക്കുന്നതു സംബന്ധിച്ച് വളരെ ക്കാലമായി കൈത്തറി മേഖലയിലുള്ളവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇത് അത്ര ഗൗരവമായി എടുത്ത് നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യം ആലോചിക്കാവുന്നതാണ്. വിദ്യാഭ്യാസം, വ്യവസായം, ആഭ്യന്തരം തുടങ്ങി ഓരോ ഡിപ്പാർട്ടുമെന്റിലും ഈ തുണിത്തരങ്ങൾ പർച്ചേസ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം കൊടുക്കുന്ന കാര്യം ഗൗരവമായി ആലോചിക്കാം.

ശ്രീ. പി. ജയരാജൻ : കൈത്തറിയെ സംബന്ധിച്ച് ഇവിടെ പല കാര്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുണ്ട്. ആ ബോർഡിൽ ചെയർമാൻ വന്നിട്ടില്ല. 20 മാസമായിട്ട് ആനുകൂല്യങ്ങളൊന്നും കൊടുക്കുന്നില്ല. കല്ല്യാണം കഴിഞ്ഞ് കുട്ടികളായിട്ടും വിവാഹത്തിനുള്ള ധനസഹായം പോലും ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്തിട്ടില്ല.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ): സർ, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് സ്തംഭിച്ചു നിൽക്കുകയാണ്. അതിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം ലഭിക്കുന്നില്ല. പണം പിരിക്കാൻ കഴിയുന്നില്ല. സുപ്രീം കോടതിയുടെ വിധിയെ ഓവർകം ചെയ്യുന്നതിനുള്ള ഒരു ബിൽ ഈ സ യിൽ കൊണ്ടുവരികയാണ്. വിവാഹ ധനസഹായമെല്ലാം കൊടുക്കുന്നുണ്ട്. അതെല്ലാം കൊടുക്കാം. ആ പ്രശ്നമില്ല.

ശ്രീ. എം. എം. ഹസ്സൻ : അതുപോലെ ഒന്നാണ് ഓടു വ്യവസായം. അസംസ്കൃത പദാർത്ഥമായ കളിമണ്ണിന്റെ ദൗർലഭ്യം, കെട്ടിട നിർമ്മാണത്തിൽ ഓടിന്റെ ഉപയോഗത്തിൽ വന്നിട്ടുള്ള ഗണ്യമായ കുറവ് തുടങ്ങിയ കാര്യങ്ങളാണ് ഓടു വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. മലപ്പുറം മേഖലയിലെ ഓടു വ്യവസായം വമ്പിച്ച തകർച്ചയിലാണ്. നിരവധി കമ്പനികൾ അടച്ചുപൂട്ടിക്കഴിഞ്ഞു. പലതും പൊളിച്ചുമാറ്റി. അവശേഷിക്കുന്നവ അസംസ്കൃത വസ്തുവിന്റെ അഭാവം കൊണ്ടും ഉല്പന്നങ്ങൾക്ക് ഡിമാന്റ് ഇല്ലാത്തതുകൊണ്ടും പിടിച്ചു നിൽക്കാൻ പാടുപെടുകയാണ്. ഇപ്പോൾ ഉള്ളതിൽത്തന്നെ ആഴ്ചയിൽ. എല്ലാ ദിവസവും ജോലി നൽകാനും കഴിയുന്നില്ല. ഇതിന്റെ ഭാഗമായി പല കമ്പനികളും മേച്ചിൽ ഓടിനു പകരം അലങ്കാര ഓട് നിർമ്മാണത്തിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്. കാലാവധി തീർന്ന ഓടു വ്യവസായ സമിതി പുന:സംഘടിപ്പിക്കാനും അതിന്റെ സഹായ സഹകരണത്തോടെ ഈ മേഖലയിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ശ്രമിച്ചു വരികയാണ്. പുകവലിക്കെതിരായി ജനങ്ങളിൽ വളർന്നുവരുന്ന അവബോധവും പുകയിലജന്യങ്ങളായിട്ടുള്ള രോഗങ്ങളെക്കുറിച്ചുള്ള അറിവും കേരളത്തിലെ ബീഡി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ബീഡി വ്യവസായ മേഖലയിൽ പ്രശസ്ത സഹകരണ സ്ഥാപനമായ ദിനേശ് ബീഡി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ഇന്ന് പ്രതിസന്ധിയിലാണ്. ഉല്പാദനത്തിലെ വൈവിധ്യവത്കരണവും തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കാനുമുള്ള ശ്രമങ്ങൾ തുടർന്നുവരികയാണ്. ബാംബൂ മേഖലയിൽ ഈറ്റ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ പ്രശ്നത്തിൽനിന്ന് കരകയറുന്നതിന് സർക്കാർ വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അസംസ്കൃത പദാർത്ഥമായ ഈറ്റയ്ക്ക് സർക്കാർ സീനിയറേജ് റേറ്റ് ഈടാക്കുന്നില്ല.

പനമ്പ് വിൽക്കുന്നതിന് വിൽപ്പന നികുതിയും ഈടാക്കില്ല. ബാംബൂ സപ്ലൈയിൽ കുറഞ്ഞ നിരക്കിലുള്ള വിൽപ്പന നികുതി ബാംബൂ കോർപ്പറേഷന് മാത്രം നിജപ്പെടുത്തിയിരിക്കുകയാണ്. ഈ വ്യവസായത്തിന് ആവശ്യമായ ഈറ്റ തൊഴിലാളികൾക്ക് സഹായ നിരക്കിൽ കൊടുക്കുന്നത് കാരണം ഒരു കോൽ ഈറ്റയിൻമേൽ കോർപ്പറേഷൻ 1.80 രൂപ നഷ്ടം സഹിക്കുന്നുണ്ട്. തൊഴിലാളികൾ കൊണ്ടു വരുന്ന പനമ്പിന് ന്യായമായ വിലയും കൊടുക്കുന്നുണ്ട്. ഈ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ സാദ്ധ്യമായ എല്ലാ ശ്രമങ്ങളും നടത്തിവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : അങ്ങ് ബീഡി വ്യവസായത്തെക്കുറിച്ച് ചെറിയ ഒരു പരാമർശം മാത്രം നടത്തി പോയത് ഖേദകരമാണ്. ഏറ്റവും കൂടുതൽ പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഒരു പരമ്പരാഗത മേഖലയാണ്. ബീഡി. പലരും കുടുംബത്തോടെ ആത്മഹത്യ ചെയ്തു കഴിഞ്ഞു. ദിനേശ് ബീഡിയിൽ ജോലി ചെയ്യുന്ന 42,000 തൊഴിലാളികളും അവരുടെ കുടുംബങ്ങളും ആത്മഹത്യ ചെയ്യുകയാണ്. അവരെ പുനഃരധിവസിപ്പിക്കാൻ തയ്യാറാകണം. ആ വ്യവസായത്തെ സംരക്ഷിക്കേണ്ട ബാധ്യത നമ്മുടെ നാടിനില്ലേ ? അതുകൊണ്ട് എനിക്ക് പറയാനുള്ളത്, നമ്മുടെ സംസ്ഥാനത്തിലെ പരമ്പരാഗത മേഖലയിലെ പ്രശ്നം എന്ന നിലയിൽ ഈ മേഖലയിൽ എക്സൈസ് ഡ്യൂട്ടി ഇളവു ചെയ്യാൻ തോട്ടം മേഖലയിൽ ഇടപെട്ടതുപോലെ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അതിന് ആവശ്യമായ നടപടി സ്വീകരിച്ചാൽ ദിനേശ് ബീഡി വ്യവസായം രക്ഷപ്പെടും.

ശ്രീ. കെ. സി. വേണുഗോപാൽ : ബീഡി വലിക്കുന്നതുകൊണ്ട് നാട്ടിലാകമാനം ആളുകൾക്കും ക്യാൻസറാണ്. ഏറ്റവും കൂടുതൽ ക്യാൻസറുള്ള പ്രദേശം കണ്ണൂർ മലബാർ മേഖലയാണ്. ബീഡിത്തൊഴിലാളികളെ സംരക്ഷിക്കണം. പക്ഷേ അതിന്റെ പേരിൽ ബീഡി വ്യാപാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പറ്റില്ല.

ശ്രീ. കെ. പി. വിശ്വനാഥൻ : ഓടു വ്യവസായത്തെക്കുറിച്ച് അങ്ങ് പരാമർശം നടത്തിയപ്പോൾ മലബാർ മേഖലയിലെ ഓടു വ്യവസായം എന്നാണ് പറഞ്ഞത്. മലബാർ മേഖലയിൽ ഓടു വ്യവസായം വളരെ കുറച്ചു മാത്രമേയുള്ളൂ. തൃശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ ഉള്ളത്. 200-ൽ അധികം കമ്പനികളും എന്റെ നിയോജക മണ്ഡലത്തിലാണ് ഉള്ളത്.

ശ്രീ. എം. എം. ഹസ്സൻ : ഓടു വ്യവസായത്തിൽ നിരവധി കമ്പനികൾ മലബാർ മേഖലയിൽ പൂട്ടിക്കിടക്കുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. ബീഡിയുടെ കാര്യത്തിൽ അദ്ദേഹം പറഞ്ഞ നിർദ്ദേശം പരിഗണിക്കാം. പക്ഷേ ബീഡി തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുമെന്ന് പറഞ്ഞ് എല്ലാവരോടും ബീഡി വലിക്കാൻ പറയാൻ പറ്റില്ല. നമ്മളാരും ബീഡി വലിക്കുന്നില്ലല്ലോ. പുകവലി ആരോഗ്യത്തിന് ഹാനികരമാണ് എന്നുള്ളതുകൊണ്ടാണ് തൊഴിലാളികൾക്ക് ഈ സ്ഥിതി വന്നുചേർന്നിട്ടുള്ളത്.

ശ്രീ. കളത്തിൽ അബ്ദുള്ള : ബഹുമാനപ്പെട്ട ജയരാജൻ പറഞ്ഞത് പ്രസക്തമായ ഒരു കാര്യമാണ്. മലബാറിനെ സംബന്ധിച്ചിടത്തോളം ബീഡി തൊഴിലാളികളുടെ ജീവിത പ്രശ്നം ഒരു മുഖ്യ വിഷയമാണ്. എക്സൈസ് ഡ്യൂട്ടി ഇല്ലാതാക്കിയാൽ മാത്രമേ ഈ രംഗത്ത് സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ ഏറ്റവും കുറഞ്ഞ കൂലിയാണ് ഖാദി മേഖലയിൽ ഉള്ളത്. ഈ കാര്യം പരിശോധിച്ചേ പറ്റൂ. മിനിസ്റ്റർ ഈ കാര്യത്തിൽ ഇടപെടണം.

ശ്രീ. പി. ജയരാജൻ : ബീഡി വ്യവസായത്തിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞു വരികയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ ശരിയാണ്. അതുകൊണ്ട് ദിനേശ് ബീഡി വ്യവസായം വൈവിദ്ധ്യവൽക്കരിക്കുന്നതിലേക്കാണ് പോയിട്ടുള്ളത്. 40,000 ത്തോളം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾ പണിയെടുക്കുന്ന ഈ സഹകരണ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കണം. ഇപ്പോൾ തൊഴിൽ ദിവസങ്ങൾ കുറച്ചുകൊണ്ടു വരുകയാണ്. തൊഴിൽ സംരക്ഷിക്കുന്നതിനുവേണ്ടി വൈവിദ്ധ്യവൽക്കരണത്തിന് ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായം നൽകാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന് ആവശ്യമായ എല്ലാ സഹായ സഹകരണവും നൽകുന്നുണ്ട്. പരമ്പരാഗത വ്യവസായത്തെ പുനരുദ്ധരിക്കാനും അതിലെ തൊഴിലാളികളെ സംരക്ഷിക്കാനുമുള്ള കാര്യങ്ങളിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ആത്മാർത്ഥത വ്യക്തമാക്കിയിട്ടുണ്ട്. 2003-2004-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വ്യവസായങ്ങളുടെ സഹായനിധി ഉൾപ്പെടെ കയർ, ബീഡി, ഓട്, മത്സ്യം, തുടങ്ങിയ എല്ലാ പരമ്പരാഗത വ്യവസായങ്ങളേയും അതിലെ തൊഴിലാളികളേയും സംരക്ഷിക്കാനും വേണ്ടിയുള്ള ഗവൺമെന്റിന്റെ താൽപ്പര്യവും അതിനുള്ള പദ്ധതികളും ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന് 500 കോടി രൂപയുടെ പരമ്പരാഗത സഹായ നിധിയുണ്ട്. അതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 50 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ : അതിന് ഒരു ക്ലാരിറ്റി ഉണ്ടാകണം. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച പാക്കേജിൽ ഉണ്ടായിരുന്ന സംഖ്യ ചെലവഴിച്ചിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ : അത് വേറെ കാര്യം. ഞാൻ പറഞ്ഞു വന്നത്, പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും അതിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ആത്മാർത്ഥമായ ശ്രമം നടത്തുന്നുണ്ട്. അതിന് പദ്ധതികൾ ഉണ്ട്. അതിന് ബഡ്ജറ്ററി സപ്പോർട്ട് ഉണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതാണ്. അത് പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റിനെ ഇത്തരത്തിൽ പ്രേരിപ്പിക്കുന്ന പ്രമേയം ഈ സഭ പാസാക്കുന്നതിൽ പ്രസക്തിയില്ല. ഈ ചർച്ചകൾ തന്നെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ പ്രയോജനകരമായതുകൊണ്ട് ഈ പ്രമേയത്തിന് പ്രസക്തിയില്ല. നിങ്ങൾ ആവശ്യപ്പെട്ടു കഴിഞ്ഞ ഈ ആവശ്യങ്ങളെല്ലാം പരിഗണിക്കാം എന്ന് ഗവൺമെന്റ് ഭാഗത്തുനിന്നും ഉറപ്പു നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഈ പ്രമേയം പ്രസ്സ് ചെയ്യരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെ. സ്പീക്കർ : ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ബിനോയ് വിശ്വം : പ്രസ്സ് ചെയ്യുന്നു.

മി. ഡെ. സ്പീക്കർ : ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

ശ്രീ. ബിനോയ് വിശ്വം : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ : 21

LIBRARY ARCHIVES Kerala Legislative Assembly

1. Shri. Manjalamkuzhi Ali
2. Shri. A. A. Azees
3. Shri. Kodiyeri Balakrishnan
4. Shri. A. K. Balan
5. Shri. Binoy Viswam
6. Shri. V. K. Chandran
7. Shri. M.V. Jayarajan
8. Shri. P. Jayarajan
9. Shri. M. Kumaran
10. Shri. K.V. Kunhiraman
11. Shri. V. K.C. Mammathu Koya
12. Shri. K. P. Mohanan
13. Shri. C. K. Nanu
14. Shri. K. Radhakrishnan
15. Shri. Mangode Radhakrishnan
16. Shri. N. Rajan
17. Shri. K.P. Rajendran
18. Shri. T. P. Ramakrishnan
19. Shri. Saju Paul
20. Smt. P.K. Sreemathi Teacher
21. Shri. P. S. Supal

പ്രതികൂലിക്കുന്നവർ : 53

1. Shri. Cherkalam Abdulla
2. Shri. Kalathil Abdulla
3. Shri. P.K. Abdu Rabb
4. Shri. C.T. Ahammed Ali
5. Shri. A.P. Anilkumar
6. Shri. A.K. Antony

LIBRARY ARCHIVES Kerala Legislative Assembly

7. Shri. N.D. Appachan
8. Shri. E.M. Augusthy
9. Shri. Babu Divakaran
10. Shri. P. K. K. Bava
11. Shri. T.V. Chandramohan
12. Shri. M.P. Gangadharan
13. Shri. P.P. George
14. Shri. Prayar Gopalakrishnan
15. Smt. K.R. Gouri Amma
16. Shri. M.M. Hassan
17. Shri. V. K. Ibrahim Kunju
18. Shri. T. M. Jacob
19. Shri. Varkala Kahar
20. Shri. P.K. Kunhalikutty
21. Shri. K. Kutty Ahammed Kutty
22. Shri. Ludy Luiz
23. Shri. C. Mammootty
24. Shri. K.M. Mani
25. Shri. K. Mohan Kumar
26. Shri. A. K. Mony
27. Shri. C. Moyinkutty
28. Shri. C.P. Muhammed
29. Prof. A.D. Musthafa
30. Shri. K. Narayana Kurup
31. Shri. Ezhukone Narayanan
32. Shri. V.J. Poulose
33. Shri. Adoor Prakash
34. Shri. T. N. Prathapan

LIBRARY ARCHIVES Kerala Legislative Assembly

35. Shri. G. Prathapa Varma Thampan
36. Smt. Radha Raghavan
37. Shri. A. N. Rajan Babu
38. Shri. U.C. Raman
39. Shri. Thampanoor Ravi
40. Shri. N. Sakthan
41. Smt. Malethu Sarala Devi
42. Prof. Savithri Lekshmanan
43. Shri. K. K. Shaju
44. Shri. Shibu Baby John
45. Smt. Sobhana George
46. Shri. Stephan George
47. Shri. D. Sugathan
48. Shri. C.F. Thomas
49. Shri. P.T. Thomas
50. Shri Umesh Challiyil
51. Shri. M.A. Waheed
52. Shri. K.C. Venugopal
53. Shri. K.P. Viswanathan

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല.

മി. ഡെ. സ്പീക്കർ :

അനുകൂലിക്കുന്നവർ 21

പ്രതികൂലിക്കുന്നവർ 53

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly